സ്ത്രീകളുടെ വ്യവസായ പദ്ധതി

120 (238) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ വ്യവസായ പദ്ധതിയിൽ എത്ര ചെറുകിട വ്യവസായസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു ;

(സി) ഇവയിൽ ഇപ്പോൾ എത്ര സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാണ് ;

(ഡി) ഈ സ്ഥാപനങ്ങളിൽ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു ;

(ഇ) ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 31-1-2001 വരെ 5993 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്ത്രീകളുടെ വ്യവസായപദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മേൽപറഞ്ഞ സ്ഥാപനങ്ങൾ എല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഇവയിൽ ഇപ്പോൾ 4372 സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാണ്.

(ഡി) ഈ സ്ഥാപനങ്ങളിൽ ഏകദേശം 13,115 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് താഴെ പറയുന്ന പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

സാമ്പത്തിക സഹായങ്ങൾ

(1) കെട്ടിടനിർമ്മാണ ഗ്രാന്റ്

വനിതാവ്യവസായ സംരംഭകർ വ്യവസായങ്ങൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതിനുമുടക്കുന്ന തുകയുടെ 50% സർക്കാർ ഗ്രാന്റായി നൽകുന്നു. ഇത് പരമാവധി 50,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

(2) കെട്ടിട വാടക ഗ്രാന്റ്

കെട്ടിട വാടക ഗ്രാന്റ് പരമാവധി പ്രതിമാസം 730 രൂപ ആയി നിജപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വാടക ആദ്യവർഷം 100%, രണ്ടാം വർഷം 75% മൂന്നാം വർഷം 50%, നാലാം വർഷം 25% എന്ന നിരക്കിൽ അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(3) മെഷിനറി ഗ്രാന്റ്

ഇത് വ്യവസായത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ വിലയുടെ 50% വരുന്ന തുക മെഷിനറി ഗ്രാന്റായി നൽകുന്നു. ഈ ആനുകൂല്യം പരമാവധി 75,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

(4) മാനേജീരിയൽ ഗ്രാന്റ്

വനിതാ വ്യവസായ സംരംഭകർ തങ്ങളുടെ സംരംഭം കാര്യക്ഷമമായി നടത്തുന്നതിന് മാനേജരെ നിയമിച്ചാൽ അവരുടെ ശമ്പളത്തിന്റെ ഒരുഭാഗം സർക്കാർ ഗ്രാന്റായി നൽകുന്നു. ഇതിന്റെ പരിധി പ്രതിമാസം 750 രൂപയാണ്. ഇത് ആദ്യവർഷം 100% രണ്ടാംവർഷം 75% മൂന്നാംവർഷം 50% നാലാം വർഷം 25% എന്നിങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു.

(5) പരിശീലനത്തിനുള്ള സഹായം

വനിതാവ്യവസായ സംരംഭകർക്ക് 6 മാസത്തെ പരിശീലനപരിപാടി നടപ്പിലാക്കിവരുന്നു. പരിശീലനകാലത്ത് പ്രതിമാസം 500 രൂപ സ്റ്റൈപ്പന്റായി നൽകുന്നു.

(6) മിനി വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഹയർ പർച്ചേസ് ചാർജിന്റെ 50% പരമാവധി 25,000 രൂപ ഗ്രാന്റായി നൽകുന്നു.

വിപണനത്തിനുള്ള സഹായങ്ങൾ

(എ) സർക്കാർ വകുപ്പുകൾക്കും സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങൾക്കും ആവശ്യമായ വസ്തുക്കൾ വാങ്ങുമ്പോൾ വില നിരക്കിൽ 15% മുൻഗണന.

(ബി) ടെന്ററുകൾ സമർപ്പിക്കുന്നതിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു.

(സി) സ്ഥിരമൂലധനത്തിന് തുല്യമായി ഏഴ് വർഷത്തെ നികുതിയിളവ്.

(ഡി) വ്യവസായ സ്ഥാപനങ്ങൾക്ക് പൊതുവായ എക്സിബിഷൻ/ വിപണനമേള എന്നിവയിലും സിഡ്കോയുടെ പ്രദർശന ശാലകളിലും പങ്കെടുക്കാൻ അവസരം നൽകുന്നു. ഇതിനുപുറമെ വനിതാവ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കു മാത്രമായി വിപണനമേളകൾ സംഘടിപ്പിക്കുന്നതിനും സഹായം നൽകിവരുന്നു.

പരിശീലന പരിപാടികൾ

വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായ വകുപ്പ്, കിറ്റ്കോ, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്നീ ഏജൻസികൾ സംയുക്തമായും പ്രത്യേകമായും സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നു. പ്രധാന മന്ത്രിയുടെ പ്രത്യേക തൊഴിൽദാനപദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായ സംരംഭകത്വ വികസനപരിശീലനം നൽകിവരുന്നു. ഇതിനുപുറമെ ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലും പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽ റബ്ബർ അധിഷ്ടിതവും പ്ലാസ്റ്റിക് അധിഷ്ടിതവുമായ വ്യവസായങ്ങളിൽ സാങ്കേതിക പരിശീലനം നൽകിവരുന്നു. ഈ പരിശീലന പരിപാടികളിൽ സ്ത്രീകൾക്കും പങ്കെടുക്കാവുന്നതാണ്.

പീഡിതവ്യവസായങ്ങളുടെ പുനരുദ്ധാരണം

നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് പീഡിത വ്യവസായമായി അംഗീകരിക്കുകയും പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി അതിന്റെ ആനുകൂല്യം നൽകുകയും ചെയ്യുന്നു.

മന്ദബുദ്ധികളായിട്ടുള്ള കുട്ടികളുടെ പുനരധിവാസത്തിനുള്ള പദ്ധതി

121 (241) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ദബുദ്ധികളായിട്ടുള്ള കുട്ടികളുടെ പുനരധിവാസത്തിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) സർക്കാർ തലത്തിൽ ഇത്തരത്തിലുള്ള കുട്ടികളെ പാർപ്പിച്ച് പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എവിടെ എല്ലാമാണ് ;

(സി) ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ കുട്ടികളെ ചേർക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഗ്രാന്റോടു കൂടി സ്വകാര്യ മേഖലയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും സൗജന്യമായി പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) . മന്ദബുദ്ധികളായ കുട്ടികളുടെ വിദ്യാഭ്യാസം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി തിരുവനന്തപുരത്തും കോഴിക്കോട്ടും മലപ്പുറത്തും ഓരോ സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സന്നദ്ധസംഘടനകൾ നടത്തുന്ന 32 സ്ഥാപനങ്ങളും മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് അനുബന്ധം-1 ൽ)* സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിവർഷം 660 രൂപ നിരക്കിൽ സർക്കാർ സ്കോളർഷിപ്പ് നൽകി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly